**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **31-08-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിൽ പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഏത് പഞ്ചായത്തിലാണ് ആദ്യം നടപ്പിലാക്കുന്നതെന്നും വിശദമാക്കാമോ; | (എ) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി ജനപ്രതിനിധികളുടെ ശുപാർശ പരിശോധിച്ച് തയ്യാറാക്കിയ പ്രാഥമിക കളിസ്ഥലങ്ങളുടെ ലിസ്റ്റ് അംഗീകരിച്ച് 10.08.2022-ലെ സ.ഉ.(സാധാ)നം.204/2022/കാ.യു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് കളിക്കളം ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.** |
| (ബി) | എത്ര തുകയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നതെന്നും ഇതിനുവേണ്ടി എത്ര സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | **ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പദ്ധതിക്കും ആവശ്യമായി വരുന്ന ഒരു കോടി രൂപയിൽ 50 ലക്ഷം രൂപ കായിക വകുപ്പും ബാക്കി വരുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നും പ്രവൃത്തിക്ക് ആവശ്യമായ തുക സമാഹരിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 62 സെന്റ് സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളത്.** |
| (സി) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് കളിസ്ഥലം നിർമാണവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | **പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുറഞ്ഞത് ഒരു ഏക്കർ സ്ഥലത്ത് നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും, ഇൻഡോർകോർട്ട്, മാനസിക ശാരീരിക ശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം ഉടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷം കൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതി രേഖ തയ്യാറാക്കിയിരിക്കുന്നത്.** |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് | (ഡി) | **പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ** |

| | | | |
|---|---|---|---|
| | കോതമംഗലം മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്നും എന്നത്തേക്ക് പുതിയ കളിസ്ഥല നിർമാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | | **സ്പോർട്സ് കേരള ഫൗണ്ടേഷൻ കോതമംഗലം മണ്ഡലത്തിലെ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്രോതസ്സുകളിൽ നിന്നും പ്രസ്തുത പദ്ധതിക്ക് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ഇ) | പ്രസ്തുത പദ്ധതി താമസംവിനാ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | **പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ കോതമംഗലം മണ്ഡലത്തിലെ പദ്ധതിക്കായി നിർദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് സ്രോതസ്സുകളിൽ നിന്നും പ്രസ്തുത പദ്ധതിക്ക് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ